സർ, കൊക്കിനെ പിടിക്കുന്നതുപോലെ കൊണ്ടോന്നും ഈ പൈ കത്താൻ ഒരുങ്ങുകയില്ല. ഇതു് നല്ലൊരു മന്ത്രവാദിയെക്കൊണ്ടുവന്നു് ഒഴിപ്പിക്കേണ്ട ഒരു ബാധയാണു്. മഹാമനപ്പെട്ട ഗവണ്മെൻറു് സിക്രട്ടറി അവർകൾ ലാക്കാളേജിൽ പ്രൊഫസരായിരുന്നകാലത്തു് അദ്ദേഹത്തിൻറെ കീഴിലുള്ള ഒരാളെ എടുത്തു് അദ്ദേഹത്തിൻറെ അവകാശത്തെ അവഗണിച്ചു് ജഡ്ജിയാക്കിയപ്പോൾ അന്നദ്ദേഹത്തിനുണ്ടായ നെഞ്ചിടി നിങ്ങളൊക്കെ ഇവിടെ കേട്ടിട്ടുണ്ടായിരിക്കാം. (ചിരി) അതേതരത്തിൽതന്നെ ഓരോരുത്തരുടെയും അവകാശങ്ങൾ അവഗണിക്കുമ്പോൾ കുറച്ചു നെഞ്ചിടിയും വ്യസനവും ആക്ഷേപം ഉണ്ടാകാതിരിക്കയില്ല. പക്ഷെ ചിലർക്കു് അങ്ങിനെ ഉണ്ടെന്നു് അവർ പുറത്തുകാണിക്കയില്ല എന്നുമാത്രമേയുള്ളൂ. ഞാൻ പ്രത്യേകിച്ചു് ഒരാളെക്കുറിച്ചല്ല, പൊതുവായിട്ടുള്ള സംഗതികളെപ്പറ്റി മാത്രമേ പറയുന്നുള്ളൂ. ഒരു ക്രസ്ത്യാനിയുടെ അവകാശത്തെ അവഗണിച്ചു് മറ്റൊരു ക്രസ്ത്യാനി ജഡ്ജിയെ വച്ചതുകൊണ്ടു് എനിക്കെന്താണു് വരുവാനുള്ളതു് എന്നു വിചാരിക്കുമായിരിക്കാം. പക്ഷെ ഈഴവർക്കു് അൽപ്പം ഒരു വലിയ നഷ്ടം വന്നിട്ടുണ്ടു്. ശരിയായ അവകാശിയായ ക്രസ്ത്യാനിയെ അവിടെ കയറ്റിയാൽ അതിൻറെ താഴത്തെ പടിയിലുള്ള ഒരു ഈഴവന്നു് അല്പം കയറാൻ അവകാശമുണ്ടായിരുന്നു. അദ്ദേഹത്തിനുണ്ടായിരുന്ന പ്രൊമോഷൻ ഈ പുതിയ നിയമനംമൂലം തടയപ്പെട്ടു. ഇതുപോലെതന്നെ കൌൺസിൽ സിക്രട്ടറിമാരിൽ ഒരാളെ Land Mortgage Bank-ലേക്കു മാറ്റുമ്പോൾ മുൻ നടപടിപ്രകാരം അവിടെ മിസ്റ്റർ സി. പി. അച്യുതമേനോനെ നിയമിക്കുകയാണെങ്കിൽ റവന്യൂ ഡിപ്പാർട്ടുമെൻറിൽ വരുന്ന തഹസീൽദാരുടെ ഒഴിവിന്നു് എല്ലാക്കൊണ്ടും താസീൽദാരുദ്യോഗത്തിന്നു് അർഹതയുള്ള റവന്യൂ ഡിപ്പാർട്ടുമെണ്ടിൽതന്നെ മറ്റൊരു ഈഴവനുണ്ടു്. അങ്ങിനെ ചെയ്താൽ അയാൾക്കും ഒരു കയറ്റത്തിന്നു് ഇടയാകും. നിയമന സംഗതികളിൽ ഈഴവരെ സ്പർശിക്കുന്ന ഇങ്ങിനെ പലതും എനിയ്ക്കു പറയുവാനുണ്ടു്. ഇപ്പോഴത്തെ ഈ നിയമനത്തെപ്പറ്റി ഞങ്ങൾ ഇങ്ങിനെ കണ്ടുക്ഷോഭം പ്രകടിപ്പിച്ചതുകൊണ്ടു് ഇപ്പോൾ വച്ച ആളെ രണ്ടാമതും കോയമ്പത്തൂക്കു് അയക്കുകയില്ലെന്നും ഞങ്ങൾക്കറിയാം. രാജ്യത്തെ സാമ്പത്തികസ്ഥിതി തീരെ ആലോചിക്കാതെ ഇവിടെ ഉദ്യോഗത്തിലിരിക്കുന്ന അവകാശികളെ മറന്നു് കൊച്ചിയെ ശരണംവിളിച്ചുകൊണ്ടിരിക്കുന്ന ഇവിടത്തെ ബാറിലുള്ള മഹാസമർത്ഥന്മാരായ അഭിഭാഷകന്മാരെ തീരെ മറന്നു് ഇങ്ങിനെ ഒരു ഇറക്കുമതി ചെയ്തതു് ഒരിക്കലും അഭിലഷണീയമല്ല.

ചിറക്കലാണു് എൻറെ സ്ഥിരോത്സം. ഈ നിയമനം നടന്നു എന്നറിവായ സമയം ഇവിടത്തെ ജൂഡിഷ്യൽ വകുപ്പിലെ ഉദ്യോഗസ്ഥന്മാരുടേയും എറണാകുളം ബാറിലുള്ള വക്കീലന്മാരുടേയും

LIBRARY ARCHIVES Kerala Legislative Assembly

തൃശ്ശൂർബാറിലുള്ള വക്കീലന്മാരുടേയും നെഞ്ചിടി ഞാൻ ചിറക്കൽ കേട്ടിട്ടുണ്ട്. (ചിരി) അവകാശവാദം ചെയ്താൽ ഇപ്പോഴത്തെ പരിതസ്ഥിതിക്ക് അതു വിപരീതഫലം ഉണ്ടാക്കുമോ എന്നു ഭയപ്പെട്ട് ശരിയായ അവകാശികൾ ഇപ്പോൾ മൌനം ദീക്ഷിക്കുന്നുണ്ടായിരിക്കാം. എങ്കിലും ഈ വക സംഗതികളെക്കുറിച്ച് ഗവൺമെൻറ് ഇനിയെങ്കിലും ഒന്നു ഗാഢമായി വിചാരിക്കണം. ഏതായാലും ഒരു ഇറക്കുമതി കഴിഞ്ഞു. ഇനിമേലാൽ ഇറക്കുമതി ചെയ്യയില്ലെന്നും ഗവൺമെൻറ് ഉറപ്പു പറയുന്നില്ല, ഇതും ഉരുട്ടിപ്പരട്ടി കഴിച്ചുകൂട്ടുന്നതേയുള്ളൂ. അതുകൊണ്ട് സേവക്കാരായ പലരേയും ഇനിയും ഇറക്കുമതി ചെയ്യാനുദ്ദേശിക്കുന്നുണ്ടെന്നുവേണം വിശ്വസിക്കുവാൻ. ഇപ്പോൾ നിങ്ങൾ എന്തുകാണിച്ചാലും അതു ഞങ്ങൾ കണ്ടുകൊണ്ടും കേട്ടുകൊണ്ടും ഇരിക്കുന്നവരാണെന്നു വിചാരിക്കരുതു്. നിങ്ങൾ ഒന്നാമതു് ഇവിടത്തെ ധനസ്ഥിതിയെപ്പറ്റി അല്പം ആലോചിച്ചു നോക്കണം. ഇലക്ഷൻ കേസ്സു ഈ നിയമസഭ തുടങ്ങുന്നതിനു മുമ്പും ചില അവസരങ്ങളിൽ ഇവിടെ ഉണ്ടായിട്ടുണ്ട്. അന്നൊന്നും ചീഫ് കോർട്ട ജഡ്ജിമാരെ കമ്മിറ്റിയിൽ വയ്ക്കുക എന്നുള്ളതു് ഉണ്ടായിട്ടില്ല. കമ്മീഷനർ വിധിയിന്മേൽ അപ്പീൽ വിചാരണ നടത്താൻ ചുമതലപ്പെട്ട പൂണി ജഡ്ജിയെ കമ്മീഷനിൽ നിയമിക്കുന്നതിലും അനൌചിത്യമുണ്ട്. അതുകൊണ്ട് കമ്മീഷൻ നിയമിക്കുന്നതു് കീഴ്നടപടിയനുസരിച്ചു മതിയായിരുന്നു. പക്ഷെ ഒരു പുതിയ ഒഴിവുണ്ടാകയില്ലെന്നു മാത്രമേ വരാനുള്ളൂ. ഇപ്പോൾ നിഷ്പക്ഷപാതികളെന്നു് എല്ലാ ജാതിമതസ്ഥന്മാർക്കും നിസ്തർക്കമായ അഭിപ്രായമുള്ള മെസ്സേഴ്സ് കെ. അച്യുതമേനോൻ, സി. വി. ആൻറണി, ഇ. കെ. അയ്യാക്കുട്ടി എന്നിവർ ചാകാതെ പെൻഷൻ വാങ്ങിക്കൊണ്ടിരിക്കുന്നുണ്ട്. അവരെ ഒരു കമ്മീഷനായി വച്ചുകഴിഞ്ഞാൽ ഇത്രവലിയ സംഖ്യയൊന്നും ചിലവിടേണ്ടിവരികയില്ല. ഒഴിവുണ്ടാക്കിയ കൃസ്ത്യൻ ജഡ്ജിയുടെ സ്ഥാനത്തേയ്ക്ക് അർഹതയും പ്രാപ്തിയും അവകാശവുമുള്ള മൂന്നു കൃസ്ത്യാനികൾ ഇപ്പോൾതന്നെ ജൂഡീഷ്യൽ വകുപ്പിലുണ്ട്. അതിൽ ഒരാൾ കുറെ മാസം ചീഫ് കോർട്ടിൽ ജഡ്ജിയായിരുന്നിട്ടുള്ള ആളുമാണ്. ഇതിനുംപുറമെ തൃശ്ശൂർ ബാറിലെ ലീഡർ മി: സി. എ. ഔസേപ്പും എറണാകുളം ബാറിലെ കൃസ്ത്യൻ ലീഡർ മി: കോശിയും കൃസ്ത്യാനികൾതന്നെയാണ്. ഇവരും അപ്രാപ്തരാണെന്നു വിചാരിച്ചു പുറംമനിന്ന വരുത്തുകയാണെങ്കിൽ മദ്രാസ് ബാറിലെ ഒരു ലീഡറും കൊച്ചിക്കാരനുമായ മി: വി. കെ. ജോൺ ബാർ-അറ്റ്-ലായും ഒരു കൃസ്ത്യാനിതന്നെയാണ്. ഇവരെയെല്ലാം തീരെ വിസ്മരിച്ചു് തിരുവിതാംകൂറിൽ ഒരു പോലീസ്സ് ഇൻസ്പെക്ടരൊ മറെറാ ആയി പിരിഞ്ഞുപോന്നതൊ പിരിച്ചയച്ചതൊ ആയിരിക്കാം; അദ്ദേഹത്തിൻറെ പ്രാപ്തിയെപ്പറ്റിയൊ അപ്രാപ്തിയെപ്പറ്റിയൊ അർഹതയിലൊ അനർഹതയിലൊ അതിലൊന്നിലും ഞങ്ങൾക്ക് ആക്ഷേപമില്ല. അങ്ങി

LIBRARY ARCHIVES Kerala Legislative Assembly

നെയുള്ള ഒരാളെ തൂക്കിക്കൊല്ലാൻ വിധിക്കുന്ന സെഷ്യൻ ജഡ്ജിയുടെ വിധിമേൽ അപ്പീൽ വിചാരണചെയ്ത് അവസാന തീർപ്പു ചെയ്യാനുള്ള ഒരു കോടതിയിലെ ജഡ്ജിയാക്കി വെച്ചിക്കുന്നതു് നമ്മുടെ അയൽ രാജ്യക്കാരായ തിരുവിതാംകൂർകാർ കാണുമ്പോഴും അറിയുമ്പോഴും നമ്മെ പരിഹസിക്കുമല്ലൊ എന്നെങ്കിലും ഇതിയമനവേളയിൽ നമ്മുടെ ഗവർമ്മെൻറ് ആലോചിക്കേണ്ടതായിരുന്നു. അതും ഉണ്ടായില്ല. ഇനി ഇങ്ങിനെയുള്ള ഇരക്കുമതി നിയമനം ചെയ്കയില്ലെന്നും ഗവർമ്മെണ്ട് ഞങ്ങളോടു ഉറപ്പു പറയുന്നില്ല. അതുകൊണ്ടു് ഈ ഉപക്ഷേപത്തെ ഞാൻ പ്രസ്സ് ചെയ്യുവാൻ നിർബന്ധിതനായി തീരുകയാൽ ഈ ഉപക്ഷേപം വോട്ടിനിടണമെന്നു ഞാൻ നിർബന്ധിക്കുന്നു.

Motion was put and carried.

Motion No. 86.

Mr. P. Kumaran Ezhuthassan.—*To reduce the allotment of Rs. 20,003 for District Courts by Re. 1. (To urge on the Government the necessity for doing away with the difference in the pay of the two District Judges in the State.)*

Mr. President, Sir, I do not think that any speech is necessary to bring home to the Hon'ble Members the importance of this motion which is intended to do away with a most invidious distinction that is shown in the emoluments that are given to the two District Judges who do identically the same work. I used to press this question whenever the demand on Law and Justice used to be made and I used to get some sort of favourable reply with no corresponding results following.

I have again brought this motion before the House because on the treasury benches I find two gentlemen who have had occasion to work as District Judges. They must be able to testify to the fact that the work of the Anjikaimal District Judge as well as of the Trichur District Judge must be of the same sort and I cannot find any reason why one of them should be getting Rs. 500 and the other Rs. 400 per mensem. Two officers of equal capacity, equal integrity and uprightness doing identically the same sort of work should not be given different scales of pay. I cannot understand why this difference is kept up. The Special Finance Committee appointed at the request of this House by the Government went into the whole question and said that there is no necessity to keep up this difference, whatever be the reason of its origin. But in spite of the recommendation I find the difference kept up. The object of the motion is to request the Government at least to do away with

LIBRARY ARCHIVES Kerala Legislative Assembly

this difference and from the next year onwards to have the same pay for both the officers.

Mr. George Parakkal.—Sir, I beg to support this motion. The inequality of the pay of the District Judges is one of the hard cases that has been left over while passing orders on the recommendations of the Special Finance Committee. The District Judges of Trichur and Anjikaimal, I must say without the least hesitation, are the most hardworked of the officers in the State. I am not very much conversant with the work in the Trichur District Court. But from my personal experience in the Anjikaimal District Court, I can boldly assert that the Judge here is the most hardworked in the whole of the State. His is a work which is of a very responsible nature and from 11 to 5 he cannot get even a minute of rest and in equalising their pay they must be given a grade equal to a second grade officer of the State, i. e. Rs. 450—650.

Mr. M. Sivarama Menon.—Sir, in rising to support this motion heartily, I wish to bring to the kind attention of the Hon'ble Members of this House that even though there is a cry from the non-official side to cut down the pay of the several of our Heads of Departments, I find on a consideration of the salary drawn by several of the heads of departments as compared with the pay of the District Judges — both the District Judges as well as the Additional Judges — their pay is considerably lower than what they are really entitled to regard being had to the nature of their work. It goes without saying that there is a great difference between judicial work and paper work. Most of our Heads of Departments have only paper work excepting certain hard worked officers like the Diwan Peishkar and others. But with regard to the district judges who do more onerous and responsible work it passes one's comprehension as to why it has not yet struck the attention of the Government and why this injustice has not yet been remedied. I have to submit therefore that it is high time that the Government realise the serious work turned out by the District Judges, including the Additional Judges to whom the old and the tough files are transferred, and see that justice is done to all the District Judges by making their pay at least that of a second grade head of the department.

Mr. E. Ikkanda Warriar.—I wish to support this motion and in doing so I wish to speak only one point on this matter. This fact has been recognised by the Government three years back and they have been promising to look into the matter in

LIBRARY ARCHIVES Kerala Legislative Assembly

the Standing Finance Committee. I would also say that in the considered report of the Special Finance Committee they have recommended to give them pay of Rs. 450—650. I think the Government will now at least seriously accept the position taken up by the non-officials.

Mr. Thomas Manjuran.—Government, Sir, have considered this matter and the Government regret that the basis on which the Hon'ble Members base this motion cannot be accepted by them. The main argument advanced is that both the judges are doing the same sort of work. The acceptance of such an argument would obviously be impossible. There are several grades of officers in service who do practically the same work but if these officers are to be given the same pay it is obvious that no Government can finance such a scheme. For instance take the case of the registrars, inspectors or teachers. Therefore that argument will not appeal very much to the Government. The Government has however, as I stated, given their best attention to this matter and regret that the Government cannot do anything in the matter.

Mr. P. Kumaran Ezhuthassan.—Mr. President, Sir, I can characterise the Government reply only as most unsatisfactory. I have not been able to gather from the laboured reply of the Government what exactly is the reason why this difference is kept on. Are we to understand that these Hon'ble gentlemen — Mr. C. Achyuta Menon of all Cochin if not of all Indian fame, Mr. T. V. Kasturi Ranga Ayyar who has been able to earn two pensions, Mr. K. Krishna Pisharodi the then Comptroller of Accounts, Mr. V. K. Aravindaksha Menon, our present Chief Engineer, Mr. C. Mathai the Member for Education who is responsible for the great literacy that Cochin is boasting of today, Dr. V. Varghese who was our Chief Medical and Sanitary Officer, Mr. C. A. Kunjunni Raja whose greatness we all know, Mr. C. A. Ouseph one of our best members in the last Council, Mr. M. Krishna Menon, another member of the same type, Mr. S. F. Nunez an eminent Professor of the St. Thomas College Trichur, Mr. N. Padmanabha Menon who unfortunately passed away last year and Dr. A. R. Menon of whom much has been heard ever since he settled down in Trichur — these gentlemen appointed by the Government at the request of the non-official members of this House sat for years together and prepared a scheme of giving emoluments to Government servants and there in emphatic words they say that the District Judges, both of them, should be raised

LIBRARY ARCHIVES Kerala Legislative Assembly

to the status of second grade officers for reasons very emphatically and reasonably noted by them. Are we to understand that these gentlemen are a set of fools who have not been able to understand what should be the pay of these hard worked District Judges. Now the Government Advocate gets up and says that if this principle is accepted by the Government, it will lead to untold miseries for the Government of Cochin. We are not a set of persons who will be satisfied with such meaningless answers. Therefore without further elaboration, I will simply press the motion to a division.

Motion put and carried.

Motion No. 87.

Mr. E. Ikkanda Warriar.—*To reduce the allotment of Rs. 250 for purchase of Books and Periodicals by Re. 1. (The necessity of supplying better libraries to the Trichur District Court.)*

Sir, the amount provided in this Budget is only Rs. 250 for both Courts together which will work out at Rs. 125 for each Court which I am sure will not be sufficient to purchase all the current periodicals. I therefore request that the Government will be pleased to give some more amount for this poorly equipped library.

Mr. Thomas Manjuran.—The provision in the budget is Rs. 60 for purchase of books and Rs. 190 for subscription to the periodicals. This is considered to be adequate in view of the fact that there is a large number of books in the library now and in view of the budgetary position Government consider that no additional allotments can be made.

Mr. E. Ikkanda Warriar.—I beg leave of the House to withdraw the motion.

Motion was, with leave, withdrawn.

Motion No. 88.

Mr. P. Raman Menon.—*To reduce the allotment of Rs. 37,103 for Munsiff's Courts by Re. 1. (To point out to the Government the need for supplying some uniforms to the Peons of the District and Munsiffs' Courts to be worn when on duty in the Courts.)*

Sir, the motion speaks for itself. Those who have any experience of these Courts will realise that often these peons wear

LIBRARY ARCHIVES Kerala Legislative Assembly

very untidy and dirty dress highly derogatory to the dignity of the Courts. They should wear the uniforms when they appear as peons in the Court and not necessarily when serving processes, etc. I do not want to speak at any length. I request the Government to do something in the matter. It will help the low paid peons and well preserve the dignity of the Courts.

Mr. Thomas Manjuran.—The peons of the Huzur Secretariat and the Chief Court are the only sets of peons who are supplied with uniforms now. The Hon'ble Members will realise that if this system of giving uniforms to all the other peons of the other offices is given effect to it will clearly involve a large outlay. The Government will seriously consider the matter and see if anything can be done.

Mr. P. Raman Menon.—I beg leave of the House to withdraw the motion.

Motion was, with leave, withdrawn.

Cut Motion No. 89.

Mr. V. K. Krishnankutty.—*To reduce the allotment of Rs. 14,138 for the Copyists Establishment by Re. 1. (The necessity of increasing the pay of copyists in the Judicial Department from Rs. 20 per mensem to the grade of Rs. 20—25.)*

Sir, at the very outset, I may say that the increase asked for is only very moderate in view of the work that they are carrying out. Similar Copyists though they have got the good fortune to be called as Clerks in the Registry Officers get a pay of Rs. 25—30. Comparing their work the work turned out by the Munsiff Court and the District Court Copyists are more difficult and better. Copying in the Registry Offices is a very easy process as the documents will be in very good handwriting; but our judicial officers are notorious for the illegibility of their handwriting. Copying their handwriting is a matter specially known to the copyist of the Judicial Department alone. This is a very hard case. Whenever we ask for an increase of pay of the ill paid officers Government always take shelter under want of funds. It is likely to be brought forward here also. But we every day see increase of salaries of the highest paid officers of our State This inequality should be done away with. Let the pay of copyists be increased from Rs. 20 to Rs. 20—25. It is a very moderate demand. I think the demand will be met with sympathy by the Government.

LIBRARY ARCHIVES Kerala Legislative Assembly

Mr. Thomas Manjuran.— Sir, this is a case where the very generosity of the Government has produced a new Demand. The Special Finance Committee, the names of the members of which were read out with such obvious glee just now by the Hon'ble Member for Wadakkancherry, recommended that the Copyists should be given a scale of only Rs. 15-20. But the Government took pity on them and they were given Rs. 20. If the Government had only endorsed the recommendation of the Committee I suppose this motion would not have been made. With regard to the contention that these copysists are very badly treated, the Hon'ble Members must remember that qualified copysists are promoted as clerks.

Mr. V. K. Krishnankutty.—But Graduates come in.

Mr. Thomas Manjuran.—Graduates also must live. Why do you want to exclude Graduates altogether. As a matter of fact all qualified copysists are within a very short time generally absorbed into the cadre of clerks. I know that personally. I am sure that must satisfy the Hon'ble Member.

Mr. V. K. Krishnankutty.—I do not propose to press the motion to a division. The Hon'ble Member for Law and Justice did not answer to my point with regard to the comparison of registry office clerks with the copyists of the Judicial Department.

Mr. Thomas Manjuran.—They are clerks.

Mr. V. K. Krishnankutty.— Their appellation is very beautiful. The work that they do is of a very inferior sort. Any way I withdraw the motion.

Motion was, with leave, withdrawn.

Motion No. 90.

Mr. P. Kumaran Ezhuthassan.—*To reduce the allotment of Rs. 34,898 for Criminal justice by Re. 1. (To request the Government to house the Talappilly Magistrate's Court in a better building preferably in the same compound where the Munsiff's Court is housed).*

Mr. President, Sir, I intend to point out to the Government through this cut motion the necessity for housing the Talappilly Magistrate's Court in a better building than the one in which it at present is. I know that some of the Hon'ble Members on the treasury bench know what sort of building there is to house the Magistrate's Court at Talappilly. The present Hon'ble Member for Police who was once our District Magistrate and the Hon'ble Member for Excise who had some years

LIBRARY ARCHIVES Kerala Legislative Assembly

back presided over there both of them I am sure must have known from personal experience what sort of a dirty dark room there is where the Judge has to sit and the practitioners to appear before them. From personal experience I can say that in a good many months of the year 1110 if you will look into the contingency expenditure of that Court, a large quantity of kerosene oil must have been used by that Court for the purpose of lighting the Court Hall even at 11 a. m. I had once even to request the presiding officer that some light may be allowed to flow from the bench to the bar to do our part of the work there. The Magistrate humorously remarked that he expected light from the bar to be given to the Bench. That shows the real position in which the present Magistrate's court is placed. I would therefore very seriously place these facts before the Government and ask them whether it is not necessary to find out a better place to house this court. I suggest that it may preferably be done in the same compound where the Munsiff's Court is housed.

Mr. Thomas Manjuran.—Sir, the Government's attention have not been drawn to this matter before now. Government are not aware that the place is not suitable. Now that the matter is placed before the Government they will look into the matter.

Mr. P. Kumaran Ezhuthassan.—On this assurance I beg leave of the House to withdraw the motion.

Motion was, with leave, withdrawn.

Motion No. 91.

Mr. K. M. Ibrahim.—*To reduce the allotment of Rs. 34,898 for Criminal Justice by Re. 1. (The necessity of bringing our Law of Libel into line with the provisions of English law. "But although Libel is a criminal offence as well as an actionable wrong a man whose private character has been attacked should not institute criminal Proceedings unless the words are of a kind calculated to provoke a breach of the peace. If he does so the judge will direct the grand jury to throw out the Bill of Indictment and leave the Prosecutor to pursue his civil remedy". (Vide page 998, Vol. XIII of Encyclopædia Britanica, 14th edition, 1929). Attention is drawn to the fact that the basis of our Criminal Law is the English Law and that a main feature in the evolution of all laws is to patronise the Civil side. Reasons may kindly be given why repeated questions on the subject that were admitted for previous meetings of the Council were never answered).*

LIBRARY ARCHIVES Kerala Legislative Assembly

ഇതിൽ ആവശ്യപ്പെട്ടിരിക്കുന്ന സംഗതിയ്ക്കുള്ള മറുപടിയാണ് മിനിഞ്ഞാന്ന് ബഹുമാനപ്പെട്ട നിയമ മെമ്പർ തന്നിട്ടുള്ളത്. അതിനെ സംബന്ധിച്ചുള്ള ചോദ്യോത്തര സമയത്തു് അദ്ദേഹത്തിന്റെ ഇതുസംബന്ധമായ വാദം എത്രയും ആത്മപ്രീകരമായിരുന്നുവെന്നു പറയാതെ തരമില്ല. അദ്ദേഹം പറയുന്നതു് അപകീർത്തിയെ സംബന്ധിച്ചുള്ള നമ്മുടെ നിയമം ബ്രിട്ടീഷിന്ത്യൻ നിയമത്തെ അനുകരിച്ചുള്ളതാണെന്നാണ്. ബ്രിട്ടീഷിന്ത്യൻ നിയമത്തെ സംബന്ധിച്ചിടത്തോളം ഡാക്ടർ ബൂർ എന്നൊരാൾ എഴുതിയിട്ടുള്ള ടെക്സ്റ്റുകൊണ്ടു് ഇതിനു തക്കതായ സമാധാനമാകയില്ലെന്നാണ് എനിയ്ക്കു് ഇതിൽ പറയുവാനുള്ളതു്. സാധാരണമായി അനുകരിയ്ക്കാറുള്ള കുരങ്ങുതപം നമ്മുടെ ഗവമ്മെണ്ടിനു ധാരാളമുണ്ടെന്നുള്ള കാര്യത്തിൽ ഞാൻ അവരെ അനുമോദിയ്ക്കുന്നു. പക്ഷെ ഒരു തരക്കേടുമാത്രമുണ്ടു്. അതായതു്, അധികവും അനുകരിയ്ക്കേണ്ടതിനെ അനുകരിയ്ക്കാതിരിയ്ക്കുവാനുള്ള ഒരു വാസനയാണു കാണുന്നതു്. ഇംഗ്ലീഷുകാരുടെ ഭരണപരിഷ്കാരങ്ങളിലും, അവരുടെ ഭരണഘടനയിലും, അവരുടെ നിയമാവലിയിലും അനുകരിയ്ക്കുവാൻ കൊള്ളരുതാത്തതായ പല സംഗതികളും അനുകരിയ്ക്കുവാൻ ഭ്രമവും ഉത്സാഹവും കാണിയ്ക്കുകയും, നേരെമറിച്ചു് ജനങ്ങൾക്കത്യാവശ്യവും ഉപകാരപ്രദവും ആയുള്ള ചില സംഗതികൾ അവർ സ്ഥാപിച്ചുവച്ചിട്ടുള്ളതിനെ സംബന്ധിച്ചു് അതു് അനുകരണീയമല്ലെന്നും, തൊട്ടാൽ പൊള്ളുന്ന സാധനമാണെന്നും വാദിയ്ക്കുകയും ചെയ്യുന്നതു് ഒരു സമ്പ്രദായമാണ്. ഡാക്ടർ ബൂർ ബ്രിട്ടീഷിൻഡ്യൻ പീനൽലാ മാഡിഫൈചെയ്യ അവസരത്തിൽ മനോധർമ്മംവച്ചുകൊണ്ടു ചെയ്തിട്ടുള്ള ഒരു സംഗതിയാണതു്. അതു് ഇതിനു് ഒരുദാഹരണം മാത്രമേ ആകുന്നുള്ളൂ.

ഷേക്സ്പീയരുടെ കാലത്തിനുശേഷം ചില നിരൂപകന്മാർ ഉണ്ടായിട്ടുണ്ടു്. ഷേക്സ്പീയരോ അയാളുടെ മക്കളോ മക്കളുടെ മക്കളോ സപ്നത്തിൽപോലും കാണാത്ത ചില നിരൂപകന്മാർ ഉണ്ടായിട്ടുണ്ടു്. പറഞ്ഞതും പറയാത്തതും ആയ പലതും വെറുതെ മനോരാജ്യംവെച്ചുകൊണ്ടു് എഴുതിവിടുന്ന വാസന ആ നിരൂപകന്മാക്കുണ്ടു്. എന്തെങ്കിലും എഴുതിവിടണമെന്നേ അവക്കുദ്ദേശമുള്ളൂ. അങ്ങിനെയുള്ള സാഹിത്യ നിരൂപകന്മാരെപ്പോലെ നിയമങ്ങൾ എഴുതിവിടുന്ന നിയമനിരൂപകന്മാരുമുണ്ടു്. ഏതെങ്കിലും പ്രത്യേക നിയമാവലികൾ രൂപീകരിക്കപ്പെട്ടിട്ടില്ലാത്തതിനെ സംബന്ധിച്ചു് ഖണ്ഡനമായിട്ടെഴുതുമ്പോൾ നിയമകർത്താക്കൾപോലും ആലോചിക്കാത്ത സംഗതികൾ ആ നിരൂപകന്മാർ എഴുതും. ബ്രിട്ടീഷിൻഡ്യയിൽ ആദ്യം ഇങ്ങിനെ ഒരു നിയമമുണ്ടാക്കുന്ന കാലത്തു് ഇപ്രകാരമുള്ള ഒരു ഭാഗത്തെക്കുറിച്ചുപോലും നിയമകർത്താക്കൾ ചിന്തിച്ചിട്ടുണ്ടായിരിയ്ക്കയില്ല.

LIBRARY ARCHIVES Kerala Legislative Assembly

ഇപ്രകാരമുള്ള നിയമങ്ങൾ വാസ്തവത്തിൽ ജനരക്ഷയ്ക്കാവശ്യമായിട്ടുള്ള നിയമങ്ങളല്ല. ഗവൺമെണ്ടിന് ചില പ്രത്യേക കാര്യങ്ങളിൽ മൂന്നാമതായിട്ടോ നാലാമതായിട്ടോ ലാഭംചെയ്യുവാൻവേണ്ടിയുള്ളതാണ് ഈ നിയമങ്ങൾ. പ്രത്യേകിച്ചും പത്രസ്വാതന്ത്ര്യവും അഭിപ്രായസ്വാതന്ത്ര്യവും വളരെ ആവശ്യമാണെന്നും, അതിനെ തടസ്ഥംചെയ്യുന്ന നിയമങ്ങളെല്ലാം പൊതുജനാഭിപ്രായത്തെ വഞ്ചിയ്ക്കുന്ന സമ്പ്രദായങ്ങളാണെന്നും ഇപ്പോൾ വന്നിരിക്കുന്നു. ഫ്രൻവ്വ-ാമാണ്ടിലാണ് ഡാക്ടർ ബൂർ ഇപ്രകാരം അഭിപ്രായം പറഞ്ഞിരിയ്ക്കുന്നതു്. അന്ന് ഇന്നത്തെ സ്ഥിതിയിലുള്ള പത്രപ്രവർത്തനമോ, അഭിപ്രായസ്വാതന്ത്ര്യമോ ഉണ്ടായിരുന്നില്ല. ബ്രിട്ടീഷിൻഡ്യയിൽ ഇതുസംബന്ധമായി ചില പ്രത്യേക നിയമങ്ങൾ കൊണ്ടുവരുന്നതിനു് ജനങ്ങൾ കാരണക്കാരായതു് ചില പ്രത്യേക കാരണങ്ങൾകൊണ്ടായിരിയ്ക്കാം. അന്നത്തെ ഭരണഘടനയ്ക്കും അധികാരസേവനത്തിനും ചില സംരക്ഷണകർ മനസ്സിൽ വച്ചുകൊണ്ടു് അവരോടു മല്ലിടുവാൻവേണ്ടി, സ്വന്തം യുദ്ധംചെയ്യുവാൻവേണ്ടി ബ്രിട്ടീഷിൻഡ്യയിൽ ഉണ്ടാക്കിയതായിരിയ്ക്കാം. അതുകൊണ്ടു് അതിനെ നമ്മളും അംഗീകരിയ്ക്കണമെന്നു പറയുന്നതിൽ തീരെ അർത്ഥമില്ലെന്നാണു ഞാൻ പറയുന്നതു്. നമ്മുടെ കൊച്ചിഗവൺമെണ്ടിന്റെ കൊച്ചിൻ പീനൽലാ ബ്രിട്ടീഷ്ൻഡ്യൻ പീനൽലായെ അടിസ്ഥാനപ്പെടുത്തി എഴുതിയതാണെന്നു, ബ്രിട്ടീഷിൻഡ്യൻ പീനൽലാ മുമ്പേക്കൂട്ടി എഴുതീട്ടുള്ളതാണെന്നും നമ്മുടെ നിയമമെമ്പർതന്നെ സമ്മതിക്കുന്നുണ്ടു്. ഇതിനെ സംബന്ധിച്ചുള്ള ചോദ്യോത്തര സമയത്തു വാദത്തിൽ വന്നതായ നിയമവും ബ്രിട്ടീഷിൻഡ്യയിൽ നിലവിലുള്ള നിയമവും ഇംഗ്ലീഷു നിയമത്തെ അനുകരിച്ചുകൊണ്ടുള്ളതാണു്. അങ്ങിനെ അതിനെ അനുകരിച്ചുകൊണ്ടു്, ഈ പുതിയമാറ്റം സ്വീകരിക്കുവാൻ എന്താണു കാരണമെന്നു ചോദിച്ചപ്പോൾ വാസ്തവത്തിൽ അദ്ദേഹത്തിനു തൃപ്തികരമായ യാതൊരു സമാധാനവും പറയുവാനുണ്ടായില്ല. ഫ്രൻവ്വ-ൽ ഡാക്ടർ ബൂർ പറഞ്ഞിട്ടുള്ള സംഗതികൾ വച്ചുകൊണ്ടു് അദ്ദേഹത്തിനു അതിൽ യാതൊരു എതിർവാദങ്ങളും പറയുവാനുണ്ടായിരുന്നില്ല. ഇതു് പത്രസ്വാതന്ത്ര്യത്തേയും അഭിപ്രായസ്വാതന്ത്ര്യത്തേയും പൊതുവായി സ്പർശിക്കുന്നതും, പൊതുവിൽ നിയമത്തിന്റെ വളർച്ചയിൽ കാണുന്ന ഒരു പ്രധാനസംഗതിയുമാണു്. കഴിയുന്നിടത്തോളം പൌരന്മാർ തമ്മിലുള്ള അവകാശസ്ഥാപനത്തിനുവേണ്ടി ക്രിമിനൽ നിയമത്തേക്കാൾ സിവിൽനിയമത്തിനു പ്രാധാന്യം നൽകുക എന്നുള്ളതു് നിയമത്തിന്റെ വളർച്ചയിൽ വരുന്ന ഒരു പരിണാമ പരിഷ്കാരമാണെന്നുള്ളതിനും ചോദ്യോത്തര സമയത്തു് അദ്ദേഹത്തിനു സമാധാനം പറയുവാൻ സാധിച്ചില്ല.

അതുകൊണ്ടു ഞാൻ പറയുന്നതു് ബ്രിട്ടീഷിൻഡ്യൻ നിയമത്തിൽ നിന്നു് ഒരു വൈപരീത്യം ഇങ്ങിനെയുള്ള കാര്യത്തിൽവന്നു എന്നു

LIBRARY ARCHIVES Kerala Legislative Assembly

വിചാരിച്ചു, പല കാലങ്ങൾ കഴിഞ്ഞതിനശേഷം ഇങ്ങിനെയുള്ള വാദപ്രതിവാദങ്ങൾക്കിടയിൽ ഡാക്ടർ ബൂറിന്റെ അന്നത്തെ അഭിപ്രായം പറഞ്ഞതുകൊണ്ട് അതൊരു കാരണമാകയില്ല. അതുകൊണ്ട് കാലത്തിനനുസരിച്ചു കോലം കെട്ടുവാൻവേണ്ടിയുള്ള പരിഷ്കാരം നമ്മുടെ നിയമത്തിലും വരുത്തണം എന്നുള്ള എന്റെ അഭിപ്രായത്തെ ഗവമ്മെണ്ടു സ്വീകരിയ്ക്കണമെന്നും അനുദ്യോഗസ്ഥ സാമാജികന്മാരെല്ലാവരും ഈ ഉപക്ഷേപത്തെ അനുകൂലിക്കണമെന്നുമാണ് ഞാൻ ആവശ്യപ്പെട്ടതു്.

Mr. Thomas Manjuran.—Sir, I do not know from where the Hon'ble Member got the information. This is not the only departure between the British Indian Law and the Indian Law. There are scores and scores of them, I may say, for the Hon'ble Member's information. Now, this is not the result of an accidental omission. I showed the Hon'ble Member the book containing the information. He would have noted that the Commissioners who framed the Code gave a specific reason for adopting this view. Therefore, it is wrong to say that the departure is the result of an accidental omission.

മിസ്റ്റർ കെ. എം. കുഞ്ഞുമൊയ്തീൻ:— ഇവിടത്തെ നിയമത്തിൽ വ്യത്യസ്തത കാണുന്നതിന്റെ കാരണമെന്താണെന്നു ചോദിച്ചാൽ ബ്രിട്ടീഷിൻഡ്യയിൽ അങ്ങിനെയുണ്ടു് എന്നൊരു സമാധാനം ഗവമ്മെണ്ടു പറയും. ബ്രിട്ടീഷിൻഡ്യയിൽ ഇല്ലാത്ത ഒരു നിയമം ഇവിടെയുണ്ടെങ്കിൽ അതിനുള്ള എളുപ്പമായ മറുപടി ഇംഗ്ലണ്ടിൽ അങ്ങിനെയാണു് എന്നായിരിക്കും. ബ്രിട്ടീഷിൻഡ്യയിൽ അങ്ങിനെയാണെന്നും, ഇംഗ്ലണ്ടിൽ ഇങ്ങിനെയാണെന്നും, പറഞ്ഞുകൊണ്ടു കൊച്ചിയിലെ ചില നിയമങ്ങളുടെ അസാധാരണത്വത്തേയും അനാവശ്യകതയേയും ന്യായീകരിക്കുവാൻ ഗവമ്മെണ്ടു ചെയ്യുന്ന ശ്രമത്തിൽ അനുദ്യോഗസ്ഥപക്ഷം തൃപ്തിപ്പെടുകയില്ലെന്നു ഗവമ്മെണ്ടു പ്രത്യേകം അറിഞ്ഞിരിക്കേണ്ടതാണു്. ഉപക്ഷേപത്തിൽ അടങ്ങിയിട്ടുള്ള വാദത്തിന്റെ സ്വീകാര്യതയെ എതിർക്കുവാൻ പര്യാപ്തമായ യാതൊരു മറുപടിയും മെമ്പർക്കു പറയുവാൻ സാധിച്ചിട്ടില്ല. അതുകൊണ്ടു ഈ ഉപക്ഷേപത്തിലെ തത്വമനുസരിച്ചു പ്രവൃത്തിക്കുവാൻ ഗവമ്മെണ്ടു സന്നദ്ധമായിരിക്കണമെന്നു് അപേക്ഷിച്ചുകൊള്ളുന്നു.

Mr. Thomas Manjuran.—The Hon'ble Member wants us in this particular instance to imitate the English law although it is open to grave objection. Let us consider this matter dispassionately for a moment and see what exactly are the implications of the resolution. The Motion says that unless a Libel has the tendency to provoke a breach of peace, that libel should

LIBRARY ARCHIVES Kerala Legislative Assembly

not be actionable in a Criminal Court. Let us consider one or two concrete cases. Suppose an anonymous communication was received containing gross libel about a respectable lady accusing her of all sorts of things, specially with regard to her character. *Ex Hypothesi*, the sender of the communication is an anonymous writer and the offended lady cannot fight the air. Suppose two gentlemen, while speaking to each other, calls one a coward. The latter is actionable according to English Law while the former should not be actionable. I do not think much more argument is necessary to convince the House about the untenability of this argument. There can be no doubt that the former is grossly libelous. The framers of the Indian Penal Code and the framers of the Cochin Law thought that there should be some substantial change in this respect from the English Law. Therefore, I don't think that there is any occasion for the Government to change the law.

മിസ്റ്റർ കെ. എം. ഇബ്രാഹിം:—സർ, ബഹുമാനപ്പെട്ട ലാമെമ്പരുടെ പ്രസംഗം കേട്ടാൽ ഇംഗ്ലണ്ടിൽ സ്ത്രീകളില്ലെന്നും ആ സ്ത്രീകളെ അപമാനിക്കപ്പെടുവാൻ സാധിക്കയില്ലെന്നും തോന്നിപ്പോകും. ഞങ്ങൾ ഉദ്ദേശിച്ചിട്ടുള്ളതു് ഇൻഡ്യയിലെപോലെതന്നെ ഇംഗ്ലണ്ടിലും സ്ത്രീകളുണ്ടെന്നാണു്. മുഴുവൻ തുലാസിലിട്ടു തൂക്കിയല്ല നിയമങ്ങൾ ഉണ്ടാക്കുന്നതു്. പൊട്ടുന്നനവെ ചിലതൊക്കെ നോക്കി പിടിച്ചു് എഴുതിപ്പോകും. ആ നിയമങ്ങളനുസരിച്ചു പ്രവൃത്തിച്ചുകൊണ്ടുവരുമ്പോഴാണു് അതിന്റെ അനാശാസ്യകത മനസ്സിലാകുക. ഇതു പ്രത്യക്ഷമായ നിലയിൽ ഒരു പരിഷ്കൃത നിയമാവലിയുമായി വിഭിന്നമായിരിക്കുന്ന ഒരു നിയമത്തിന്റെ അനാശാസ്യകതയെ കാണിക്കുവാനായിട്ടു കൂടുതൽ ന്യായം പറയേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ഈ നിയമങ്ങളെ ഭേദപ്പെടുത്തുന്ന ഒരു അമെൻറുമെൻറ് ബിൽകൊണ്ടുവരുവാൻ ഭാവിച്ചിട്ടുണ്ടു്. അങ്ങിനെ ഒരു അമെൻറുമെൻറ് ബിൽ കൊണ്ടുവരുമ്പോൾ അതും ടെക്ക് നിക്കൽ സബ്ജക്ടറായതുകൊണ്ടു് അതിനെക്കുറിച്ചു് കൂടുതൽ സമാധാനങ്ങൾ പറഞ്ഞുകൊള്ളാമെന്നുള്ള ഉദ്ദേശത്തോടുകൂടി ഞാൻ ഇതിനെ പിൻവലിക്കുവാൻ അനുവാദം ചോദിച്ചുകൊള്ളുന്നു.

Motion was, with leave, withdrawn.

Motion No. 92.

Mr. A. Narayana Menon—*To reduce the allotment of Rs. 1,87,347 for Law and Justice by Re. 1. (To discuss the necessity of refunding balance of court fee to all pending and past plaintiffs in Kuri cases brought on the basis of Kuri security bonds where defaulted amounts are claimed in a lump and*

LIBRARY ARCHIVES Kerala Legislative Assembly

where default is condoned by defendants depositing money as per the items of the Royal Proclamation regarding kuries, taking into account amount deposited alone for purposes of court fee.

ഈ ഉപക്ഷേപത്തിന്റെ ഉദ്ദേശം ചുരുക്കത്തിൽ പറയാം. ഇപ്പോഴത്തെ സാമ്പത്തികാധഃപതനം കാരണം ജനങ്ങൾക്ക ചില സഹായങ്ങൾ ഉണ്ടാകുവാനായിട്ട് കുറി വ്യവസ്ഥകളെ സംബന്ധിച്ച് നമ്മുടെ മഹാരാജാവു തിരുമനസ്സുകൊണ്ട് ചില ആനുകൂല്യങ്ങൾ ഒരു വിളംബരംമൂലം ചെയ്തുകൊടുത്തിട്ടുണ്ട്. കേസ്സിന്റെ തക്കം അവസാനിയ്ക്കുന്നതിനു മുമ്പായിട്ട് മുടക്കിയ സംഖ്യയ്ക്ക് മുടക്കിയ തീയതി മുതല്ക്കുള്ള പലിശയും കോടതിച്ചിലവും പ്രതി കോടതിയിൽ കെട്ടിവയ്ക്കുകയാണെങ്കിൽ അയാളെ അന്യായത്തിൽനിന്നും ഒഴിവാക്കാമെന്നാണ് അതിലെ പ്രധാന സംഗതി.

എന്നാൽ ഇപ്പോഴത്തെ വ്യവസ്ഥകൊണ്ട് വ്യവഹാരം ഫയലാക്കുന്ന സമയത്തു് അന്യായത്തിൽ ചേത്തിട്ടുള്ള മുഴുവൻ സഖ്യയുടേയും മുഴുവൻ കോടതിച്ചിലവും പ്രതിയ്ക്ക ബാധകമായിട്ടാണ വരുന്നത്. ഒരു കുറിയുടെ ജാമ്മ്യശീട്ടപ്രകാരമുള്ള മുടക്ക സംഖ്യ ൧൦൦൦ രൂപായാണെങ്കിലും, മുടങ്ങിയ ഗഡുവുകളുടെ സംഖ്യ തുലോം ചുരുക്കമായിരിക്കും. ആ സംഖ്യക്കുള്ളതല്ല മുഴുവൻ സംഖ്യയുടേയും കോടതിച്ചിലവും, മുടങ്ങിയ സംഖ്യയും പലിശയും അടയ്ക്കുന്നതിനാണ് വിളംബരംമൂലം പ്രതിയ്ക്ക് ആനുകൂല്യം കിട്ടുന്നത്. മുഴുവൻ സംഖ്യയുടേയും പലിശയുടേയും കോർട്ടഫീസ്സും മറ്റു കോർട്ട ചിലവുകളും പ്രതിയുടെ തലയിൽ വയ്ക്കുന്നതു ശരിയല്ല. ഇപ്പോഴത്തെ സാമ്പത്തികാധഃപതനം നോക്കുമ്പോൾ പ്രതി യഥാർത്ഥത്തിൽ മുടക്കിയ സംഖ്യയ്ക്കുള്ള കോർട്ട ഫീസ് എടുത്തിട്ട്, ബാക്കിയുള്ള കോർട്ട ഫീസ് അന്യായക്കാരനു മടക്കി കൊടുക്കേണ്ടതാണ്. എന്നാൽ അതുമൂലം ഗുണം പ്രതിക്ക് കിട്ടുമല്ലൊ. ഇതു് ഗവൺമെൻറിനു ചെയ്യുവാൻ കഴിയുന്ന ഒരു സംഗതിയാണ്.

നീതിന്യായക്കോടതിയിൽനിന്നും ലാ ആൻറ ജസ്റ്റീസിലേയ്ക്ക് ഫർന്നൂറു രൂപ്പികയാണ് ചിലവു കഴിച്ചു ലാഭം കിട്ടിവരുന്നത്. അങ്ങിനെയുള്ള ഒരു ഡിപ്പാർട്ടുമെൻറിൽനിന്ന് സാധുക്കൾക്ക് ഈ നിസ്സാരസഹായം ചെയ്യുന്നതായാൽ പലക്കും വലിയ രക്ഷയായിരിയ്ക്കും. അതുകൊണ്ട് ഈ സഹായം ചെയ്തുകൊടുക്കണമെന്നുള്ള അപേക്ഷയോടുകൂടി ഈ ഉപക്ഷേപം ഇവിടെ അവതരിപ്പിച്ചുകൊള്ളുന്നു.

മിസ്റ്റർ വി. കെ. കുട്ടി:— സർ, ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിക്കുന്നു. കുറിമുടക്കുമൂലം കോർട്ടിൽ ഉണ്ടാകുന്ന കേസ്സുകൾവഴി നാട്ടുകാർ അനുഭവിക്കുന്ന കഷ്ടനഷ്ടങ്ങൾക്കും പുറമെ പുതിയ കുറി റജിസ്ട്രേഷനെ തെറ്റിദ്ധരിച്ചുന്ന തോന്നുമാറു കുറി കൈക്കാരന്മാർ ചി

LIBRARY ARCHIVES Kerala Legislative Assembly

റാളന്മാക്ക് മറ്റു വഴിയായും വളരെ പ്രയാസങ്ങൾ ഉണ്ടാക്കിത്തീർക്കുന്നുണ്ട്. അവരുടെ സ്വന്തമായുള്ള നിയമം അനുസരിച്ച് ഒരു കമ്പനി മാസത്തിൽ വെക്കേണ്ട ഒരു കുറിക്ക് സമയത്തു പണമടയാതെവന്നാൽ കുറി ഒന്നിന് ഫൈണും ഫൈനുമാണ് അവർ വസൂലാക്കിവരുന്നത്. റഗുലേഷനിൽ എന്തുതന്നെ പറഞ്ഞിരുന്നാലും അവരുടെ നിയമം അനുസരിച്ചു ലാഭം മുമ്പുവെക്കാതെ അവർക്കുറിപ്പണം സ്വീകരിക്കുകയുടി ചെയ്കയില്ല. ഉല്പന്നങ്ങളുടെ വിലക്കുറവുമൂലം കൃത്യസമയത്തു പണമടച്ചുപോകുവാൻ കഴിയാത്ത സങ്കടങ്ങളെ പരിഹരിക്കുവാൻ ഉദ്ദേശിച്ചാണ് മഹാരാജാവു തിരുമനസ്സുകൊണ്ട് ഇപ്രകാരം ഒരു കുറി റഗുലേഷൻ നടപ്പിൽ വരുത്തീട്ടുള്ളതു്. തവണകൾക്ക് പണംവക്കാതെ നീട്ടിനീട്ടി ഒടുവിൽ അതു് കോടതിയിൽചെന്ന് കലാശിക്കുകയാണു ചെയ്യുന്നതു്. അവിടെ ചെല്ലുമ്പോൾ ടിക്കിന്നു മാത്രമല്ല ബാക്കി അടക്കേണ്ട സംഖ്യക്ക് ഒട്ടാകെ ഫീസ്സുടക്കേണ്ടിവരുകയും ചെയ്യുന്നു. ഇപ്പോഴത്തെ കുറി സമ്പ്രദായം നോക്കുമ്പോൾ ഒരു വലിയ തീവെട്ടിക്കൊള്ളയായിട്ടാണു കാണുന്നതു്. കുറിക്കിൽ ചേരുന്നവരിൽ അധികം പേരും രക്ഷപ്പെട്ടവരായി കാണുന്നില്ല. ഇതൊരു നിസ്സാരകാര്യമെന്നു വിചാരിച്ചുകൂടാ. കുറി സംബന്ധിച്ചുണ്ടാകുന്ന കേസ്സുകൾമൂലം നാട്ടുകാർ അനുഭവിക്കുന്ന സങ്കടങ്ങളെപ്പറ്റിബഹുമാനപ്പെട്ട വയറിലെ മെമ്പർ പറഞ്ഞിട്ടുള്ളതു വളരെ പരമാർത്ഥമാണ്. ഇങ്ങിനെയുള്ള കാര്യങ്ങളുടെ നിയന്ത്രണത്തിനായി ചില ശിക്ഷാത്മക വ്യവസ്ഥകളടങ്ങിയ ഒരു നിയമം ആവശ്യമാണ്. ഈ വിഷയത്തിൽ ഉടനടി ഗവർമ്മെൻറ് വേണ്ടതു പ്രവൃത്തിക്കുമെന്നു ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ:— സർ, ഈ ഒരു വിഷയത്തെ സംബന്ധിച്ചു് മഹാരാജാവു തിരുമനസ്സുകൊണ്ടു് ദയവായി ഒരു വിളംബരം പ്രസിദ്ധപ്പെടുത്തിയ അവസരത്തിൽ അതിനാടുത്തുണ്ടായ നിയമസഭായോഗത്തിൽതന്നെ ഈ വിഷയം ഞങ്ങൾ കൊണ്ടുവരികയുണ്ടായി. ഇപ്രകാരം സങ്കടം അനുഭവിക്കുന്നവരായ ജനങ്ങളുടെ അന്നത്തെ ഒരു നിലക്ക് ഈ വിഷയം ഇവിടെ കൊണ്ടുവന്ന അവസരത്തിൽ—ഏതുകാര്യത്തിലും അങ്ങിനെയാണു വിചാരിച്ചതെങ്കിൽ ആ തരത്തിൽ പറഞ്ഞു നില്ക്കുവാൻ സാമർത്ഥ്യമുള്ള അങ്ങേപ്പുറത്തു് അന്നിരുന്നിരുന്ന ബഹുമാന്യനായ മെമ്പർ പറഞ്ഞതു് ചീഫ്വരുത്തിട്ടുള്ള സംഖ്യ അടച്ചാൽ പ്രതിയെ ഒഴിവാക്കുന്നുണ്ട് എന്നുള്ള വിളംബരം അനുസരിച്ചു് ആ സംഖ്യക്കുമാത്രം ഒരു വ്യവസ്ഥ കൊണ്ടുവരുവാൻ യാതൊരു തടസ്ഥമുള്ളതായിട്ട കാണുന്നില്ലഎന്നാണ് അതു് തീർച്ചയാണോ എന്നു് ഈ ഭാഗത്തുനിന്നു ചോദിച്ചപ്പോൾ തീർച്ചയില്ലെങ്കിലും അഭിപ്രായവ്യത്യാസമുള്ള ഒരു സംഗതിയാണു് അതു് ഏന്നു പറഞ്ഞു. ഒരു കുറിയിൽ ൧൦൦ രൂപാ വീഴ്ചവരുത്തീട്ടുണ്ടെങ്കിൽ അതിനുള്ള കോർട്ടഫീസ്സു് മാത്രം കൊടുത്താൽ മതിയെന്നുവെക്കുന്നു. എത്ര ഗഡുവുകൾക്കാ

LIBRARY ARCHIVES Kerala Legislative Assembly

ണ്ട് കുറി വീഴ്ച വരുത്തിയതു്. എന്നുവച്ചാൽ അതനുസരിച്ചുള്ള കോർട്ടഫീസ്സ് അടച്ചാൽ മതിയെന്നുള്ള ഒരു പ്രഖ്യാപനം ചെയ്യുകയാണെങ്കിൽ സാധുക്കൾക്ക് ഇങ്ങിനെയുള്ള ഒരു പരീക്ഷണത്തിനു പോകേണ്ടിവരികയില്ല. ഒരു കുറിയിൽ വീഴ്ച വരുത്തിയതു ക്രടാതെ ഇനിയും ആയിരം രൂപാ അടക്കാനുണ്ടെങ്കിൽ അതിനുംക്രടി കോർട്ടഫീസ്സ് വാങ്ങുന്നതു് വളരെ താണസ്വരത്തിൽ പറയുകയാണെങ്കിൽ ഒരു തട്ടിപ്പറിയെന്നോ പറയുവാനുള്ളൂ. ഒരുപക്ഷെ നിങ്ങൾ അറിയാതെ ചെയ്യുന്നതാണെങ്കിൽ ഇനിയെങ്കിലും നിങ്ങൾ ചെയ്യുന്നതെറ്റിനെ മാറ്റണമെന്നു് ഞങ്ങൾ ആവശ്യപ്പെടുമ്പോൾ അതു് നിങ്ങൾ സ്വീകരിക്കാതെയിരിക്കുകയാണെങ്കിൽ പിന്നെ ഏതു ഭാഷയിലാണു് അതിനെ വ്യാഖ്യാനിക്കേണ്ടതു് എന്നു് എനിക്കു മനസ്സിലാകുന്നില്ല. ഈ അഭ്യർത്ഥന ഇവിടെ കൊണ്ടുവന്നിട്ടുള്ളതു് രണ്ടാമത്തേയോ മൂന്നാമത്തേയോ പ്രാവശ്യമാണു്. ഇനിയെങ്കിലും ഈ അഭ്യർത്ഥനയുടെ ന്യായം സ്വീകരിച്ചു് ഫ്രഫ്രഫ്ര ചിങ്ങം ഒന്നാം തിയ്യതി മുതലെങ്കിലും നടപ്പിൽ വരുത്തുവാൻ വേണ്ട ഉപദേശങ്ങളും കൊടുത്തും സാധുജനങ്ങളെ രക്ഷിക്കണമെന്നു് ഞാൻ ഗവൺമെണ്ടിനോടപേക്ഷിക്കുന്നു.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി:— സർ, ഈ വിഷയത്തെ സംബന്ധിച്ചു് ഞാനും രണ്ടുവാക്കു പറയണമെന്നു വിചാരിക്കുന്നു. ഇപ്പോൾ നിലവിലുള്ള നിയമം അനുസരിച്ചു് മുടക്കിയ സംഖ്യക്കും മേലാൽ വെക്കുവാനുള്ള സംഖ്യക്കും അതിന്റെ പലിശക്കുംക്രടി അന്യായം കൊണ്ടുവരുന്നതായാൽ മേലാൽ വെക്കുവാനുള്ള സംഖ്യയുടെ കോർട്ടഫീസും ക്രടി അടക്കാതെ നിവൃത്തിയില്ല. എന്നാൽ തെളിവിനുമുമ്പായി, അതേവരെ മുടക്കീട്ടുള്ള സംഖ്യയും പലിശയും കോടതിച്ചിലവും കെട്ടുന്നതായാൽ അന്യായം തള്ളിക്കളയുകയാണു ചെയ്യുന്നതു്. അതു് ഇപ്പോൾ നടന്നുവരുന്ന നടപടിയാണു്. അങ്ങിനെ തള്ളിക്കളഞ്ഞതിനുശേഷവും പിന്നെയും കുറിയിൽ ചേർന്നവൻ രണ്ടാമതും മുടക്കുന്നതായാൽ മുടക്കുമുതൽ മേലാൽ വെപ്പാനുള്ള മുഴുവനും സംഖ്യക്കു അന്യായം കൊടുക്കേണ്ടതും മുഴുവൻ കോർട്ടഫീസ്സും അടക്കേണ്ടതുമാണു്. ഇങ്ങിനെ എത്രതവണയെങ്കിലും കൊടുക്കേണ്ടിവരുമ്പോൾ ഗവൺമെണ്ടിൽ നിന്നു് മൂന്നോ നാലോ അഞ്ചോ പ്രാവശ്യം ഒരേസംഖ്യക്കുതന്നെ കോർട്ടഫീസ്സ് പിരിക്കുന്നതായിരിക്കും. ഇതു് വളരെ കഷ്ടമായിട്ടുള്ള ഒരു സംഗതിയാണു്. ആദ്യം ഒരു തവണ കോർട്ടഫീസ്സു വാങ്ങിച്ചുകഴിഞ്ഞാൽ, പിന്നെ അതിനൊരു മോചനം കിട്ടിയെന്നുവന്നാൽ രണ്ടാമത്തെ തവണക്കു കോർട്ടഫീസ്സു ക്രടാതെ അന്യായം കൊടുക്കാമെന്നൊരു നിയമം ഉണ്ടാക്കിയാൽ വിരോധമില്ല. അല്ലെങ്കിൽ ഒരേ സംഖ്യക്കുതന്നെ പലേ ഗഡുവുകളിലായി കോർട്ടഫീസ്സു കൊടുക്കേണ്ടിവരും. അതു നീതിയായിട്ടുള്ളതോ ശരിയായിട്ടുള്ളതോ അല്ല.

LIBRARY ARCHIVES Kerala Legislative Assembly

ഇതിനുംപുറമെ മിസ്റ്റർ സി. വി. ജോർജ്ജ് മുതൽപേർ ക്രൂടിയ ഒരു കമ്മറ്റി എൻക്വയറി നടത്തുകയുണ്ടായി. അതിന്റെ വിചാരണയിലും അനവധി ആളുകൾ ഇതേവരെ മുടക്കിയിട്ടുള്ള സംഖ്യക്കുമാത്രം അന്യായം കൊടുക്കുന്നതിന്ന് നിവൃത്തിയിൽ എന്തെങ്കിലും ഒരു ഭേദഗതിയുണ്ടാക്കിത്തരണമെന്ന് ആവശ്യപ്പെടുകയും അതനുസരിച്ച് കമ്മറ്റി അംഗങ്ങൾ അത് അവരുടെ റിപ്പോർട്ടിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ടെന്നാണ് തോന്നുന്നത്. പ്രത്യേകിച്ചും സാമ്പത്തികാധഃപതനംകൊണ്ട് ജനങ്ങൾ വിഷമിച്ചിരിക്കുന്ന ഈ സമ്പ്രദായത്തിൽ ഇങ്ങിനെയൊരു നിയമം നടപ്പിൽ വരുത്തിയാൽ അതു ജനങ്ങൾക്കു വളരെ ഉപകാരപ്രദമായിരിക്കും എന്നുള്ള അപേക്ഷയോടുകൂടി ഞാൻ ഇതിനെ പിന്താങ്ങുന്നു.

മിസ്റ്റർ പി. ഗോവിന്ദമേനോൻ:— സർ, ഇപ്പോഴത്തെ നിയമപ്രകാരം രാജകീയ വിളംബരത്തിന്റെ പ്രയോജനം സാധുക്കൾക്ക് മിക്കവാറുമില്ലാതെയാണിരിക്കുന്നത്. എന്റെ അനുഭവത്തിൽ ഈ വിളംബരത്തിന്റെ സഹായംമൂലം മുടക്കിയ സംഖ്യയും പലിശയും കോടതിച്ചിലവും കെട്ടി മുടക്കുതീർത്ത് ആപത്തിൽനിന്നു രക്ഷപെടുവാൻ സാധിച്ചിട്ടുള്ള പ്രതികൾ വളരെ ചുരുക്കമാണ്. വളരെ അധികം ആളുകൾക്കും അതു സാധിക്കാതെവരുന്നു. നൂറുരൂപിക മുടക്കംവന്നിട്ടുണ്ടെങ്കിൽ മേലാൽ വെക്കേണ്ട സംഖ്യ രണ്ടായിരമോ മൂവ്വായിരമോ ഉറുപ്പികയായിരിക്കും. നൂറുരൂപിക ചെലവാൻ സാധിക്കാതെയാണു മുടക്കം വരുത്തുന്നത്. മുടക്കം തീർക്കുമെങ്കിൽ മുടക്കിയ സംഖ്യയേക്കാൾ വളരെ കൂടുതൽ സംഖ്യ പലിശയായിട്ടും മറ്റും കെട്ടേണ്ടിവരുന്നു. ഏതൊരു ജനവിഭാഗത്തെ ഉദ്ദേശിച്ചാണോ ഈ വിളംബരം പ്രസിദ്ധപ്പെടുത്തിട്ടുള്ളത് ആ ജനവിഭാഗത്തിന്ന് ഈ വിളംബരം തീരെ പ്രയോജനശൂന്യമായിട്ടാണു തീർന്നിരിക്കുന്നത്. ഇതുകൊണ്ട് അന്യായക്കാരന്ന് — കുറി നടത്തുന്ന ബാങ്കുകാരായ മുതലാളിമാർക്ക് —വലിയ ബുദ്ധിമുട്ടും വന്നുചേരുവാൻ പാടില്ല. അതുകൊണ്ട് ഒന്നുകിൽ മുടക്കിയ സംഖ്യക്കു അന്യായംകൊടുക്കുവാൻ തക്കതായ ഭേദഗതി നിയമത്തിൽ വരുത്തണം. അപ്രാപ്തപക്ഷം മുടക്കിയ സംഖ്യയും പലിശയും മാത്രം കിട്ടുന്നപക്ഷം ബാക്കിയുള്ള കോർട്ടഫീസ്സു അന്യായക്കാരനു മടക്കി കൊടുക്കുവാനുള്ള നിയമം ഉണ്ടാക്കണം. അങ്ങിനെ ഏതെങ്കിലും ഒരു നിയമം ഉണ്ടാക്കിയില്ലെങ്കിൽ സാധുക്കൾക്ക് ഈ വിളംബരംകൊണ്ട് യാതൊരു പ്രയോജനവും ഇല്ലാതെവരും.

മിസ്റ്റർ ടി. കെ. നായർ:— സർ, ഈ വിളംബരം പാസ്സായ അവസരത്തിൽ ഇതു ഗൗരവമായ ഒരു കുഴപ്പാട് ഇതിൽ ഉള്ളതിനെ ഗവമ്മെണ്ടു ധരിച്ചു് അപ്പോൾതന്നെ ഒരു നിവാരണമാർഗ്ഗം ഉണ്ടാക്കാതെയിരുന്നതു വളരെ കഷ്ടംതന്നെയാണ്. ഗവമ്മെണ്ടിന് എന്താണ് വീഴ്ചവരുത്തിയ സംഖ്യക്കുമാത്രംകേസുകൊടുക്കുവാൻ ഒരു നിശ്ച

LIBRARY ARCHIVES Kerala Legislative Assembly

യം ഉണ്ടാക്കുന്നതിനു വിരോധമുള്ളതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. മേലാൽ വെക്കേണ്ട സംഖ്യയുംകൂടി ചേർത്തു കേസു കൊടുക്കണമെന്ന വ്യവസ്ഥ മാറ്റി വീഴ്ചവരുത്തിയ സംഖ്യക്കു മാത്രമായിട്ടു കേസു കൊടുക്കുവാൻവേണ്ടി ഒരു നിയമം ഉണ്ടാക്കുവാൻ അത്ര വലിയ ബുദ്ധിമുട്ട് എന്താണുള്ളത്? അതുകൊണ്ട് ഈ സംഗതിക്ക് അടിയന്തിരമായിട്ട് ഒരു പ്രൊക്ലമേഷൻ നടപ്പാക്കുവാൻ ദയവുണ്ടാകണമെന്നാണ് എന്റെ അപേക്ഷ.

Mr. T. S. Narayana Ayyar.—Sir, Government do feel that there is some hardship in the matter and already, recommendations in this direction are before them. I have, however, to state a few facts for the information of the House as to the successive steps Government have been taking in this matter. There have been three stages. With regard to suits on Kuri security bonds, before this Proclamation was passed the Law of Cochin required every starter to sue for the whole amount, and even if payment of the defaulted amount was made, that would not entitle the defendant to get the defaults condoned. This was found to press very hard upon subscribers in times of depression, and therefore, when the Kuri Committee was appointed by Government in 1107, this was one of the terms of reference to them. This committee which was presided over by Mr. C. V. Antony, a retired Judge of the chief court, made a specific recommendation on this behalf which is contained in Paragraph 9 of their report and it was in consequence of that specific recommendation that this Proclamation was passed. Subsequently, Government felt that some further relief was necessary on account of the growing economic depression. One of the terms of reference to the later Antony Committee, of 1109 is again with regard to this matter. This Committee recommended that suits might be instituted for the defaulted amount alone, which could be converted later on into suits for the full amount in case the defendant did not choose to pay the defaulted amount. This later recommendation is now engaging the attention of the Government.

Mr. A. Narayana Menon.—On the assurance of the Secretary to Government, I beg leave of the House to withdraw the motion.

Motion was, with leave, withdrawn.

Motion No. 93.

Mr. A. Narayana Menon.—*To reduce the allotment of Rs. 1,87,347 for Law and Justice by Rs. 10. (To discuss the*

LIBRARY ARCHIVES Kerala Legislative Assembly

necessity of refunding half the court fee to plaintiffs in ex-parte cases).

മിസ്റ്റർ എ. നാരായണമേനോൻ— സർ, ഈ ഉപക്ഷേപത്തിന്റെ ഉദ്ദേശം എക്സ് പാർട്ടിയായിട്ട വിധിക്കുന്ന കേസുകൾക്ക് ആദ്യം അടയ്ക്കുന്ന കോർട്ടഫീസിന്റെ പകുതി അന്യായക്കാരന് പ്രതി മടക്കിക്കൊടുക്കണമെന്നാണ്. ഈ ക്ഷാമകാലത്ത് ഇതു പ്രത്യേകിച്ചും ആവശ്യമാണ്. കോർട്ടഫീസു റഗുലേഷനിൽ ഭേദഗതി വരുത്തണമെന്നൊന്നും ഞാൻ ആവശ്യപ്പെടുന്നില്ല. സാമ്പത്തികാധഃപതനം തീരുന്നതുവരെയെങ്കിലും ഈ സംഗതിയ്ക്ക് ഒരു വിധത്തിൽ പ്രസിദ്ധപ്പെടുത്തിയാൽ മതിയാകുന്നതാണ്. സകല എക്സ് പാർട്ടി കേസുകൾക്കും പകുതി ഫീസു മടക്കിക്കൊടുക്കണം. രസീതോ വൗച്ചറോ ഇല്ലാതെ കൊടുത്തുതീർത്തെന്ന് വാദിച്ച് കേസു നീട്ടിക്കൊണ്ടുപോകാതിരിക്കാൻ ഇതൊരു നല്ല മാർഗ്ഗമാണ്. ചിലപ്പോൾ കേസുകൾ നീളുന്നതുകൊണ്ട് നീതിന്യായം ശരിയ്ക്കു നടത്തുവാനും സാധിയ്ക്കാതെവരുന്നു. അങ്ങിനെ കേസുകൾ നീട്ടിക്കൊണ്ടുപോകുന്നതിന് തടസ്ഥമായുള്ള ഒരു പ്രേരകശക്തിയായും സാമ്പത്തികാധഃപതന നിവാരണത്തിനുവേണ്ടിയും ഈ ഒരു വ്യത്യാസം വരുത്തണമെന്നുള്ളതാണ് എന്റെ ഉപക്ഷേപത്തിലെ താല്പര്യം.

പിന്നെ ഒന്നുകൂടി പറയുവാനുണ്ട്. കുറെക്കാലത്തിനു മുമ്പ് എക്സ് പാർട്ടിയായ കേസായാലും തക്കിച്ച കേസായാലും വക്കീലന്മാർക്കു മുഴുവൻ ഫീസും കിട്ടിയിരുന്നു. ഇപ്പോഴും സർക്കാരിന്റെ കാര്യത്തിൽ മുഴുവൻ കോർട്ടഫീസ് കിട്ടണമെന്നു വച്ചിട്ടുണ്ട്! എക്സ് പാർട്ടിക്കേസിൽ വക്കീലന്മാർക്കു പകുതിഫീസേ കിട്ടുകയുള്ളൂ എന്നാക്കീട്ടുമുണ്ട്. ആ സ്ഥിതിയ്ക്ക് വക്കീലന്മാർ ഏതുനിലയിൽ പ്രവൃത്തിയ്ക്കണമെന്നു ഗവർമ്മെൻറു പറയുന്നുവോ ആ നിലയിൽ ഗവർമ്മെൻറും പ്രവൃത്തിയ്ക്കണമെന്ന് ശുപാർശചെയ്യുകയുംകൂടി ചെയ്യുന്നതിനാണ് ഈ ഉപക്ഷേപത്തിന്റെ മറെറാരുദ്ദേശം.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ— സർ, ഈ ഉപക്ഷേപത്തെ ഞാൻ പിൻതാങ്ങുന്നു. വക്കീലന്മാർക്കുപകുതി ഫീസേ പാടുള്ളൂ എന്നു വച്ചിട്ടുള്ളതുകൊണ്ട് സർക്കാരിന് അധികം പാടുള്ളൂ എന്നൊരു ന്യായം പറയുകയുണ്ടായി. അനവധി വേണ്ടാത്ത കാര്യങ്ങൾക്കുവേണ്ടി അന്യരാജ്യങ്ങളെ അനുകരിച്ചുവരുന്ന ഈ രാജ്യത്തിൽ വളരെ അത്യാവശ്യമായ കാര്യങ്ങൾക്കു ധർമ്മരാജ്യമായ തിരുവിതാംകൂറിനെ അനുകരിയ്ക്കണമെന്നാണു ഞാൻ അപേക്ഷിക്കുന്നത്. ഇതിനെ മാത്രം അടിസ്ഥാനപ്പെടുത്തിക്കൊണ്ടാണെങ്കിൽ തിരുവിതാംകൂറിനെ അനുകരിയ്ക്കണ്ടാ, നിങ്ങൾ ചെയ്യുന്ന പ്രവൃത്തികൾ തന്നെ നോക്കിയാൽ മതി. എക്സ് പാർട്ടി കേസുകൾക്ക് മുഴുവൻ കോർട്ടഫീസു കെട്ടുന്നത് കക്ഷികൾ മടുത്തു. ഒരു കേസ് ആയിരം രൂപയ്ക്കുള്ളതു കോടതിയിൽ കൊടുക്കുകയാണെങ്കിൽ 62½ ഉറുപ്പിക കോർട്ടഫീസടയ്ക്കണം. സാമാന്യം മൂന്നാഴ്ചക്കകം ആ

LIBRARY ARCHIVES Kerala Legislative Assembly

കേസ് വിചാരണയിൽ വരും. പ്രതി ദുസ്സക്തിനില്ലാതെയായാൽ കേസെടുത്തു് അപ്പോൾതന്നെ നിയമപ്രകാരം വിധിയ്ക്കും. അതല്ല പ്രതിക്കു ന്യായമായ വാദങ്ങൾ ഉണ്ടായിരുന്നാലും കള്ളത്തരത്തോടു കൂടിയ വാദങ്ങളുണ്ടായിരുന്നാലും—പ്രതികളാണെന്നു കണ്ടുപിടിയ്ക്കാൻ ശക്തിള്ള ജഡ്ജിയാണെങ്കിൽ ആ തരത്തിൽ വരുകയില്ല—കേസ് നീണ്ടുകിടന്നാൽ ഓരോ വിചാരണയ്ക്കും വേണ്ടി ആ ജഡ്ജിയുടെ വിലയേറിയ സമയം വിനിയോഗിക്കേണ്ടിവരുന്നു. അഞ്ചുമിനിട്ടുകൊണ്ടു മാത്രം തീരുമാനിയ്ക്കാവുന്ന എക്സ് പാർട്ടി കേസുകളും കോടതിയിൽ വരുന്നു. ഇങ്ങിനെ രണ്ടുതരത്തിലുള്ള കേസുകൾക്കും ഒരേസംഖ്യ രാജഭോഗം സർക്കാരിലേയ്ക്കു വാങ്ങുന്നതു് എത്ര അനീതിയാണെന്നു് നിങ്ങൾ ആലോചിയ്ക്കാതിരിയ്ക്കുന്നതു ശരിയല്ല. വക്കീലന്മാർക്കു പകുതി ഫീസെയുള്ളുവെങ്കിൽ കക്ഷികളും പകുതി ഫീസ് ഗവർമ്മെൻറിലേയ്ക്കടച്ചാൽ മതിയെന്നാക്കണം. ഇതിനു് തിരുവിതാംകൂറിലെ ന്യായം സ്വീകരിയ്ക്കണമെന്നൊന്നും ഞാൻ ആവശ്യപ്പെടുന്നില്ല. അതുകൊണ്ടു് ഈ ഉപക്ഷേപത്തിൽ പറയുന്ന ന്യായവും നീതിയുമനുസരിച്ചുള്ള തത്വം ഇനിയെങ്കിലും ഗവർമ്മെൻറു സ്വീകരിയ്ക്കണമെന്നാണു ഞാൻ പറയുന്നതു്.

മിസ്റ്റർ ഇ. പി. ഭാസ്കരമേനോൻ.—ബഹുമാനപ്പെട്ട വടക്കാഞ്ചേരി മെമ്പർ പറഞ്ഞതിനോടു ഞാൻ ഹാർദ്ദമായി യോജിയ്ക്കുന്നു. എങ്കിലും വക്കീലന്മാർക്കു പകുതിഫീസായ കാരണംകൊണ്ടു് രാജഭോഗം പകുതിയാക്കണമെന്നും, ധർമ്മരാജ്യത്തെ ഈ സംഗതിയ്ക്കു് അനുകരിയ്ക്കണ്ടാ എന്നും അദ്ദേഹം പറയുന്നു. ധർമ്മരാജ്യത്തെ അനുകരിയ്ക്കണ്ടാ എന്നാണെങ്കിൽ ഈ കൊച്ചിയെ ധർമ്മരാജ്യത്തെ കവച്ചുവയ്ക്കുള്ള ഒരു ധർമ്മരാജ്യമാക്കട്ടെ. വക്കീൽഫീസു മുഴുവനാക്കുക; രാജഭോഗം പകുതിയാക്കുക. അപ്പോൾ ധർമ്മരാജ്യത്തെ അനുകരിച്ചു എന്നുവരുന്നില്ല. വക്കീൽഫീസ്സ് പകുതിയായതുകൊണ്ടു രാജഭോഗം പകുതിയാക്കി എന്നും വരുന്നില്ല. ഇത്രമാത്രമാണു് എനിക്കു പറയുവാനുള്ളതു്.

Mr. Thomas Manjuran—Government regret, Sir, that they cannot find their way to accept this Cut-motion since it involves a loss of revenue. Generally in a large number of cases where a court fee of Rs. 10 is paid, courts have to work for days and days and sometimes for years. For example, in a suit for the partition of a big Tharawad, only a court fee of Rs. 10 is necessary. If you forego the revenue with regard to exparte cases, how will you get along with the work, where little court fee is paid but the volume of work is large indeed? Therefore, it is not proper to say that the court fee should be halved, because the defendant does not come to conduct the suit. The basis is not correct. I therefore submit that the Government regret that they cannot find their way to accept the motion.

Mr. A. Narayana Menon.—I regret I cannot accept the argument of the Law Member. The analogy of partition suits

LIBRARY ARCHIVES Kerala Legislative Assembly

does not hold good. For that the Court fee Regulation should be amended. Therefore, for the reasons that I have advanced, I press this motion to a division.

Motion was put and carried.

The Demand under 'Law and Justice' minus Rs. 3 put and carried.

11—Law and Justice—Cranganur—Rs. 10,704.

Demand put and carried.

18—Jails—Rs. 30,462.

Mr. T. S. Narayana Ayyar—Sir, I rise to move for a grant of Rs. 30,462 under '18—Jails'.

Motion No. 94.

Mr. E. Ikkanda Warriar.—*I to reduce the allotment of Rs. 10,005 for Jail Establishment by Re 1. (To plead for a more humane treatment of political prisoners.)*

Sir, a few years back there were no rules for the special treatment of political prisoners. In fact the treatment that was usually accorded to a murderer in jail was meted out to a political prisoner also, and also to a prisoner who is convicted for a slight offence. In recent years, some of the political prisoners were put into the jail, and I brought it to the notice of the Government in this Council and outside about the pitiable condition of these people. They were very respectable people, occupying a very high position in life. Because they held certain opinion which the law did not recognise, they were thrown into the jail. The Government was pleased to alter the rule and they have modified them to a certain extent and brought the same in conformity with the rules prevailing in British India and classification into A, B and C classes were made from that day. But, Sir, we find that whatever be the rules, for one thing those rules in those days were sufficient to meet the cases that arose then. But, Sir, now we find the accused in the famous sedition case in the Cochin State is now put in the Central Jail and is given a treatment that is given to an ordinary C class prisoner. The House is well aware that he was convicted of a political offence not involving moral turpitude. I think the House will remember that he was one of the Members of this Council during the first Council. He is a man coming from a respectable family and occupies a very high position in life in the State and habituated to a certain sort of

LIBRARY ARCHIVES Kerala Legislative Assembly